പതിനാലാം കേരളനിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1888

13.06.2019-ൽ മറുപടിക്ക്

# അങ്കമാലി നിയോജകമണ്ഡലത്തിൽ ഹരിത കേരളം പദ്ധതി

ചോദ്യം

ശ്രീ.റോജി എം. ജോൺ

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) ഹരിത കേരളം പദ്ധതിയിൽ അങ്കമാലി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകി പൂർത്തീകരിച്ചതെന്ന് ഇനം തിരിച്ച് വിവരം ലഭ്യമാക്കാമോ;

(എ) അങ്കമാലി നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 8 ഗ്രാമ പഞ്ചായത്തുകളിലും, ഒരു നഗരസഭയിലും ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഭരണാനുമതി നൽകി പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**അങ്കമാലി നഗരസഭ**

2017-ൽ വാർഡു തല ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിന്റെ ഭാഗമായി 23 വാർഡുകളിലായി വാർഡ് ഒന്നിനു 5000/- രൂപ നിരക്കിൽ 1,15,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, നഗരസഭ പരിധിയിലുള്ള കുളങ്ങൾ, ജലസ്രോതസ്സുകൾ എന്നിവയുടെ സംരക്ഷണത്തിനായി നീർത്തട പ്ലാൻ തയ്യാറാക്കി.

**അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്**

ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി 7-ാം വാർഡിൽ കാരേക്കാട് ചിറ ശുചീകരണം നടത്തിയിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചുള്ളി ഗവ.എൽ.പി. സ്കൂളിൽ ജൈവ പാർക്ക് നിർമ്മിച്ചു.

**തുറവൂർ ഗ്രാമ പഞ്ചായത്ത്**

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി വിവിധ കുളങ്ങളും, പൊതു കിണറുകളും നവീകരിച്ചു.

**മലയാറ്റൂർ ഗ്രാമ പഞ്ചായത്ത്**

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പച്ചത്തുരുത്ത് നിർമ്മാണം പദ്ധതിയ്ക്ക് ഭരണാനുമതി നൽകി പൂർത്തീകരിച്ചിട്ടുണ്ട്.

**പാറക്കടവ് ഗ്രാമ പഞ്ചായത്ത്**

മാലിന്യ സംസ്കരണം-പൈപ്പ് കമ്പോസ്റ്റ്, കൈപ്പുള്ളി കുന്ന് കാന നിർമ്മാണം, എളവൂർ പാറ റോഡ് ഡ്രൈനേജ്, കൈപ്പലാക്കുകുഴി തോട് ആഴം വർദ്ധിപ്പിക്കൽ എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**മഞ്ഞപ്ര ഗ്രാമ പഞ്ചായത്ത്**

പുത്തൻകുളം നവീകരണത്തിനു 5 ലക്ഷം രൂപയും, കോഴിക്കുളം നവീകരണത്തിനു 75,000/-രൂപയും പള്ളിപ്പാടം ലീഡിങ് ചാനൽ നിർമ്മാണത്തിനു 5 ലക്ഷം രൂപയും ഭരണാനുമതി നൽകി അനുവദിച്ചിട്ടുണ്ട്.

**മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്**

മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിന്റെ അനുബന്ധ സൗകര്യങ്ങൾ, പുത്തൻപാലം തോട് ക്ലീനിംഗ്, ആറാട്ടുപുഴ ക്ലീനിംഗ്, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ കെട്ടിട നിർമ്മാണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**കറുകുറ്റി ഗ്രാമപഞ്ചായത്ത്**

പാറക്കാട്ട് കുളം വാർഡ് 4, ഇല്ലച്ചിറ കുളം വാർഡ് 6, മുതുകാട് കുളം വാർഡ് 5, കുനത്താൻകുന്ന് കുളം വാർഡ് 6 എന്നിവിടങ്ങളിൽ കുളം ശുചീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പുതിയതായി ഏതെല്ലാം പദ്ധതികളാണ് അങ്കമാലി നിയോജകമണ്ഡലത്തിൽ പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) അങ്കമാലി നിയോജക മണ്ഡലത്തിൽ പരിഗണനയിലുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു: |

**അങ്കമാലി നഗരസഭ.**

2019-20 സാമ്പത്തികവർഷത്തിൽ ഹരിതകർമ്മ സേനയെ പ്രവർത്തന സജ്ജമാക്കൽ, എം.സി.എഫ്./ആർ.ആർ.എഫ്. പൂർത്തീകരിക്കൽ എന്നിവ അങ്കമാലി നഗരസഭ പരിധിയിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിലെ വിവിധ ഖരമാലിന്യ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2,16,38,070/- രൂപയുടെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ട്. ആയതിൽ ഗാർഹിക തലത്തിൽ 300എണ്ണം ബയോബിന്നുകളും 250 എണ്ണം മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും, 240എണ്ണം ബയോഗ്യാസ് പ്ലാന്റുകളും, 300 എണ്ണം ബയോഡൈജസ്റ്റർ പോട്ടുകളും, 300 എണ്ണം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകളും, 300 എണ്ണം ബക്കറ്റ് കമ്പോസ്റ്റ് യൂണിറ്റുകളുമാണ് ഉൾപ്പെട്ടിട്ടുള്ളത്. സ്ഥാപനതലത്തിൽ 3 എയ്റോബിക് ബിന്നുകളും കമ്മ്യൂണിറ്റി തലത്തിൽ പ്രതിദിനം 200കി.ഗ്രാം മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ഒരു ബയോഗ്യാസ് പ്ലാന്റും 10 എയ്റോബിക് ബിന്നുകളും ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ അജൈവ മാലിന്യ

സംസ്കരണത്തിനായി 10 എം.സി. എഫ്. കളും 2 ആർ.ആർ.എഫ് കളും ഒരു സ്വാപ്പ്ഷോപ്പും ഡി.പി.ആർ-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത്.**

എം.സി.എഫ്. നിർമ്മാണം പൂർത്തീകരിക്കൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വൃക്ഷത്തൈ നേഴ്സറി നിർമ്മാണം, വൃക്ഷത്തൈ നടൽ എന്നീ പദ്ധതികൾ പരിഗണനയിലുണ്ട്.

**പാറക്കടവ് ഗ്രാമപഞ്ചായത്ത്.**

എം.സി.എഫ്. നിർമ്മാണം പൂർത്തീകരിക്കൽ, പൊതുകിണറുകൾ ആഴം വർദ്ധിപ്പിക്കൽ, മെയിന്റനൻസ്, നിർമ്മലം 2019 എന്നീ പദ്ധതികൾ പരിഗണനയിലുണ്ട്.

**മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്**

ആർ.ആർ.എഫ്. നിർമ്മാണം പൂർത്തീകരിക്കൽ, തുറസായ കിണർ ശുചിത്വ കിണർ ആക്കൽ എന്നീ പദ്ധതികൾ പരിഗണനയിലുണ്ട്.

**മൂക്കന്നൂർ ഗ്രാമ പഞ്ചായത്ത്.**

എം.സി.എഫ്, ആർ.ആർ.എഫ്. നിർമ്മാണം പൂർത്തീകരിക്കൽ, പുത്തൻപാലം ലിഫ്റ്റ് ഇറിഗേഷൻ പൈപ്പ് ലൈൻ നീട്ടൽ, ആഴകം ചർച്ച് ലീഡിംഗ് ചാനൽ നിർമ്മാണം, വലിയചിറ സംരക്ഷണ ഭിത്തി നിർമ്മാണം, ആറാം വാർഡിലെ പൊതുകിണർ മെയിന്റിനൻസ് എന്നീ പദ്ധതികൾ പരിഗണനയിലുണ്ട്.

**കറുകറ്റി ഗ്രാമ പഞ്ചായത്ത്.**

എം.സി.എഫ് നിർമ്മാണം, ഹരിതകർമ്മ സേനയെ കൂടുതൽ കാര്യക്ഷമമാക്കി അജൈവ മാലിന്യ ശേഖരത്തിന് വാർഡ് അടിസ്ഥാനത്തിൽ പ്രവർത്തനം എന്നിവയാണ് പരിഗണനയിലുള്ളത്.

**കാലടി ഗ്രാമ പഞ്ചായത്ത്**

മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ, പ്ലാസ്റ്റിക് മാലിന്യം, ശേഖരണവും സംസ്കരണവും എന്നീ പദ്ധതികൾ പരിഗണനയിലുണ്ട്.

സെക്ഷൻ ഓഫീസർ